(ബി) എങ്കിൽ ഏത് ക്ഷേമനിധിയുടെ പരിധിയിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം തൊഴിലിലേർപ്പെട്ടവർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെങ്കിൽ അവർക്കുകൂടി തൊഴിലാളിക്ഷേമനിധി ആനുകൂല്യം ഏർപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അസംഘടിത തൊഴിലാളികളായ കല്ല്, മണ്ണ് തൊഴിലാളികൾക്ക് നിലവിലുള്ള കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമ ബോർഡിൽ അംഗങ്ങളാകാവുന്നതാണ്. എന്നാൽ ഇവ കൈകാര്യം ചെയ്യുന്ന ഏജന്റുമാർക്ക് തൊഴിലാളികൾക്കായി രൂപീകരിച്ചിട്ടുള്ള പ്രസ്തുത ക്ഷേമനിധിയിൽ അംഗമാകാൻ കഴിയില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ

61 (4116) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ഇ.എസ്.ഐ. പ്രോവിഡന്റ് ഫണ്ട് മുതലായ ആനുകൂല്യങ്ങളുടെ സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ഇ. പി. എഫ്. തുകയിൽ വൻ ക്രമക്കേട് നടന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇ.പി.എഫ്. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ കണക്ക് ജില്ല തിരിച്ച് പ്രസിദ്ധീകരിക്കുമോ ;

(ഇ) ഇ.പി.എഫ്. പദ്ധതിയിൽ പണം അടയ്ക്കാത്ത സ്വകാര്യ സ്ഥാപനങ്ങൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി 2008-ലെ അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ടിന്റെ നടത്തിപ്പിന് സംസ്ഥാന ചട്ടം നിർമ്മിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഈ വിഭാഗം തൊഴിലാളികൾക്ക് രണ്ട് സഹായ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്.

(1) മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന ദിവസ വേതനക്കാരായ അസംഘടിത തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി ഒരാൾക്ക് 2,000 രൂപ മാത്രം ഒരു പ്രാവശ്യം ധനസഹായം നൽകുന്ന പദ്ധതി 2007-2008 മുതൽ നടപ്പിലാക്കിവരുന്നു.

(2) കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 10 വർഷമെങ്കിലും അംഗമായിരിക്കുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പ്രതിമാസം 250 രൂപ നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതി 2008 മുതൽ 'കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം' പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തൊഴിലാളികളുടെ ഇ.പി.എഫ്. പെൻഷൻ തുകയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്ത് ഇ.പി.എഫ്. പദ്ധതിയിൽ അംഗങ്ങളായവരെ സംബന്ധിച്ച് റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ ലഭ്യമാക്കിയ ഇ.പി.എഫ്. മേഖല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

തിരുവനന്തപുരം - 269261 (തിരുവനന്തപുരം, പത്തനംതിട്ട ജില്ലകൾ)

കൊല്ലം - 272355 (കൊല്ലം)

കോട്ടയം - 195105 (ഇടുക്കി, കോട്ടയം ജില്ലകൾ)

കൊച്ചി - 670449 (എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലകൾ)

കോഴിക്കോട് - 219404 (കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം ജില്ലകൾ)

കണ്ണൂർ - 133332 (കണ്ണൂർ, കാസർഗോഡ് ജില്ലകൾ)

(ഇ) ഉണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ജപ്തി അടക്കമുള്ള നിയമനടപടി സ്വീകരിക്കുന്നുണ്ടെന്ന് ഇ.പി.എഫ്.ഒ. അധികാരികൾ അറിയിച്ചിട്ടുണ്ട്.

ബാർബർ-ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് ക്ഷേമനിധി

62 (4117) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർബർ-ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ക്ഷേമപദ്ധതികളാണ് ഇതിലൂടെ ഇപ്പോൾ നടപ്പാക്കി വരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly